ശ്രീ. ടി.എ. മജീദ്: ഡിപ്പാർട്ടുമെന്റു ഹെഡ്ഡിന്റെ തീരുമാനം അന്തിമതീരുമാനമായി വരുന്നതുകൊണ്ട് പിന്നെ സെക്രട്ടറിയറ്റിൽ ക്ലാർക്കുമാരുടെ നോട്ട് ആവശ്യമില്ലെന്നു വിദഗ്ദ്ധകമ്മിറ്റി റിപ്പോർട്ടുണ്ട്. അതുസംബന്ധിച്ച ഗവൺമെന്റിന്റെ അഭിപ്രായം എന്താണ്?

ശ്രീ. പി.കെ. വാസുദേവൻ നായർ: അങ്ങനെ ശക്തിയായ ഒരു അഭിപ്രായമുണ്ട്. എല്ലാ കാര്യങ്ങളിലും താഴെ ക്ലാർക്കുതൊട്ടു നോട്ടിട്ടു നോട്ടിട്ടു മുന്നോട്ടുവരുന്ന സമ്പ്രദായംതന്നെ മാറണം; പലതും സീനിയർ ഉദ്യോഗസ്ഥൻമാരുടെ ലെവലിൽതന്നെ കൈകാര്യം ചെയ്താൽ മതി; എന്നാൽ പല തട്ടുകളും ഒഴിവാക്കാൻ കഴിയുമെന്ന അഭിപ്രായം വന്നിട്ടുണ്ട്. അതും പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. ഇ. പി. ഗോപാലൻ: അഡ്മിനിസ്ട്രേറ്റീവ് റിഫോംസിന്റെകൂടെ ഇൻസ്റ്റിറ്റ്യൂഷണൽ ചേഞ്ചസും ആവശ്യമാണെന്ന സ്ഥിതിയിൽ സെക്രട്ടേറിയറ്റിലെ സെക്ഷൻ ഓഫീസർ മുതൽ സ്പെഷ്യൽ സെക്രട്ടറിവരെയുള്ള നിരവധി തട്ടുകളും കാലതാമസം ഒഴിവാക്കാൻ വേണ്ടി ഉണ്ടാക്കിയതാണെന്ന് ബോദ്ധ്യപ്പെട്ടു കഴിഞ്ഞിട്ടും ഇപ്പോഴും ഉണ്ടായിക്കൊണ്ടിരിക്കുന്ന കാലതാമസം ഒഴിവാക്കാനുള്ള ശ്രമം നടത്താത്തതെന്താണ്?

ശ്രീ. പി.കെ. വാസുദേവൻ നായർ: ഇപ്പോഴാണ് ഞാൻ ഉത്തരം പറഞ്ഞതു അതിനാണ്. ചില തട്ടുകളും എടുത്തു കളയുന്നതിനെപ്പറ്റി ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

(ചോദ്യം 897 ചോദിച്ചില്ല)

പ്രസിഡന്റിന്റെ മെഡലിന് അർഹരായ ഫയർ ഫോഴ്സ് ആഫീസർമാർ

* 829 [898] ശ്രീ. കെ.പി. വിശ്വനാഥൻ:

,, സിദ്ധാർത്ഥൻ കാട്ടുങ്ങൽ:

,, സി.പി. ഗോവിന്ദൻ നമ്പ്യാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാതന്ത്ര്യ ദിനത്തോടനുബന്ധിച്ച് സംസ്ഥാനത്തെ പോലീസ് ഫയർ ഫോഴ്സ് ആഫീസർമാർക്ക് പ്രസിഡന്റിന്റെ മെഡൽ നൽകുന്നതിലേക്ക് ആഫീസർമാരെ തെരഞ്ഞെടുക്കുന്നതിന് കേരള സർക്കാർ സ്വീകരിച്ചിരിക്കുന്ന മാനദണ്ഡം എന്തെന്ന് വിശദമാക്കുമോ;

(ബി) കഴിഞ്ഞ സ്വാതന്ത്ര്യദിനത്തിൽ ഫയർ ഫോഴ്സിൽ നിന്നും എത്ര പേർക്കാണ് മെഡൽ നൽകിയത്; ഫയർ ഫോഴ്സ് ഡയറക്ടറുടെ ശുപാർശ അനുസരിച്ചാണോ ഇവരെ തെരഞ്ഞെടുത്തത്;

(സി) ഇവർക്ക് ഗവൺമെന്റ് നിശ്ചയിച്ച മാനദണ്ഡമനുസരിച്ച് വേണ്ടത്ര യോഗ്യത ഉണ്ടെന്ന് ഗവൺമെന്റിന് ബോദ്ധ്യമുണ്ടായിരുന്നുവോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇവരിൽ പലരും പല വിധത്തിലുള്ള ശിക്ഷകൾക്ക് വിധേയരായിട്ടുണ്ടെന്നുള്ള വസ്തുത ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നുവോ;

(ഇ) ഇല്ലെങ്കിൽ ഈ കാര്യത്തെക്കുറിച്ച് ഒരു സൂക്ഷ്മ പരിശോധന നടത്തുവാൻ നടപടി സ്വീകരിക്കുമോ?

ആഭ്യന്തരവകുപ്പു മന്ത്രി (ശ്രീ. കെ.എം. മാണി):

(എ) ഓരോ വർഷവും കേന്ദ്രഗവൺമെൻറ് ആവശ്യപ്പെടുന്ന മുറയ്ക്ക് സംസ്ഥാനത്തെ ഫയർഫോഴ്സ് സർവ്വീസിലുള്ള അർഹരായ ഓഫീസർമാരുടെ ലിസ്റ്റ് ബന്ധപ്പെട്ട വകുപ്പുമേധാവിയിൽ നിന്നും വാങ്ങി പരിശോധിച്ച് അർഹരാണെന്നു കാണുന്നവരുടെ പേരുകൾ കേന്ദ്രഗവൺമെൻറിലേക്ക് ശുപാർശ ചെയ്യുകയാണ് പതിവ്. ഓരോ ഓഫീസർമാരുടെയും സത്യസന്ധമായ പെരുമാറ്റങ്ങളും സ്തുത്യർഹമായ സേവനചരിത്രവും പരിഗണിച്ചാണ് പേരുകൾ ശുപാർശചെയ്യാറുള്ളത്. മെഡലിന് അർഹരായവരെ തെരഞ്ഞെടുക്കുന്നത് കേന്ദ്രഗവൺമെൻറാണ്.

(ബി) എട്ടുപേർക്കാണ് മെഡൽ നൽകിയത്. ഇവരുടെ പേരുകൾ ഫയർഫോഴ്സ് ഡയറക്ടർ ശുപാർശചെയ്തിരുന്നതാണ്.

(സി) ഉണ്ടായിരുന്നു.

(ഡി,ഇ) ഇവരിലാരുംതന്നെ യാതൊരുവിധ ശിക്ഷകൾക്കും വിധേയരായിട്ടില്ലെന്നാണ് ബന്ധപ്പെട്ട വകുപ്പുമേധാവി ഗവൺമെൻറിനെ അറിയിച്ചിട്ടുള്ളത്. അതുകൊണ്ട് ഇതിനെക്കുറിച്ച് ഒരു അന്വേഷണം ആവശ്യമില്ല.

(ചോദ്യം 899 ചോദിച്ചില്ല)

പോലീസ് സ്റ്റേഷനുകളിൽ പരാതികൾ കൈപ്പറ്റിയതായി രസീത്

* 830 [900] ശ്രീ. കല്ലട നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സ്റ്റേഷനുകളിൽ കൊടുക്കുന്ന പരാതികൾക്ക് അവ കൈപ്പറ്റിയതായി രസീത് കൊടുക്കണം എന്ന ഗവൺമെൻറിന്റെ നിർദ്ദേശം ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥൻമാർ കൈക്കൊള്ളുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കർശനമായി ഈ നിർദ്ദേശം പാലിക്കാൻ സത്വര നടപടികൾ സ്വീകരിക്കുമോ?

ആഭ്യന്തരവകുപ്പു മന്ത്രി (ശ്രീ. കെ.എം. മാണി):

(എ) ഇത്തരം പരാതികൾ ചിലപ്പോൾ ഉണ്ടാകാറുണ്ട്.

(ബി) ഇത്തരം പരാതികൾ ലഭിച്ചാൽ ഉടനെതന്നെ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. കല്ലട നാരായണൻ: കുറെ വർഷങ്ങൾക്കു മുമ്പ് ഒരു തീരുമാനമുണ്ടായിരുന്നു. ആരെങ്കിലും ഒരു പരാതി പോലീസ് സ്റ്റേഷനിൽ സമർപ്പിച്ചാൽ രസീതു നൽകണമെന്നുണ്ടായിരുന്നു. എന്നാൽ

LIBRARY ARCHIVES Kerala Legislative Assembly